## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1612
### 04.10.2016 ലെ മറുപടിയ്ക്ക്

### കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. വകുപ്പിന്റെ 60% പ്രവർത്തനങ്ങളും നിലവിൽ സോഫ്റ്റ് വെയറിലൂടെയാണ് നിർവ്വഹിക്കുന്നത്. |
| ബി | പ്രസ്തുത നടപടികൾ ആരംഭിച്ചത് എന്നെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനായി കെൽട്രോണുമായി 30.10.2010 - നാണ് കരാറിലേർപ്പെട്ടത്. |
| സി | എത്രകാലം കൊണ്ട് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; കാലതാമസം നേരിടേണ്ടിവന്നതിന്റെ കാരണം വിശദമാക്കാമോ; | കരാറിലേർപ്പെട്ട് 70 ദിവസത്തിനകം പദ്ധതി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. കെൽട്രോണിന്റെ ഭാഗത്തുനിന്നും സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതിരുന്നത്. |
| ഡി | ഏത് സ്ഥാപനമാണ് സോഫ്റ്റ് വെയർ നിർമ്മിക്കുന്നത്; അവർക്ക് നൽകാനുള്ള പ്രതിഫലം എത്രയാണെന്നും നാളിതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ? | കേരള സർക്കാറിന്റെ പൊതുമേഖലാസ്ഥാപനമായ കെൽട്രോണാണ് സോഫ്റ്റ് വെയർ നിർമ്മിക്കുന്നത്. പദ്ധതിയുടെ മുഴുവൻ തുക 1,22,82,982/- രൂപയാണ്. നാളിതുവരെ കെൽട്രോണിന് 93,69,789/- രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ